## പതിമൂന്നാം കേരളനിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 383** **19.03.2013 ൽ മറുപടിയ്ക്ക്**

## സൗരോർജ്ജ വൈദ്യുതി നിലയങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. ഗീതാ ഗോപി | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) സൗരോർജ്ജ വൈദ്യുതി ഉൽപാദന നിലയങ്ങൾ സ്ഥാപിക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജ ലഭ്യത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി, 50 MW ൽ കുറയാതെയുള്ള, ചെറുകിട ജല വൈദ്യുത പദ്ധതികൾ ഒഴികെയുള്ള, പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ സ്ഥാപിക്കുന്നതിലേയ്ക്കായി കെ.എസ്.ഇ.ബി ഒരു താല്പര്യ പത്രം വിളിച്ചിരുന്നു. ഇതിൽ തെരെഞ്ഞെടുക്കപ്പെട്ട സംരംഭകരിൽ നിന്നും ദർഘാസുകൾ ക്ഷണിച്ചിരുന്നു. ഇതിന്റെ തുടർ നടപടികൾ പുരോഗമിച്ചു വരുന്നു. സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്.കഞ്ചിക്കോട് ഒരു 1 MW സോളാർ പ്ലാന്റ് സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ സ്വീകരിച്ചു വരുന്നു. പാലക്കാട് കുഴൽമന്ദത്ത് 2 MW ന്റെ ഒരു സൗരോർജ്ജ വൈദ്യുതി ഉൽപാദന നിലയം സ്ഥാപിക്കാൻ പദ്ധതിയുണ്ട്. വീടുകളിൽ ഓഫ്ഗ്രിഡ് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള പദ്ധതി അനെർട്ട് 10000 വീടുകളിൽ നടപ്പിലാക്കി വരുന്നു. |

| | | |
|---|---|---|
| (ബി) കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന്റെ സാധ്യതകൾ ആരായുന്ന എന്തെങ്കിലും അന്വേഷണങ്ങളോ പഠനങ്ങളോ വൈദ്യുതി ബോർഡ് നടത്തിയിട്ടുണ്ടോ; എങ്കിൽ, വിശദമാക്കാമോ;<br><br>(സി) ഇല്ലെങ്കിൽ പ്രസ്തുത പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) & (സി) | പാരമ്പര്യേതര ഊർജ്ജ മേഖലയിലെ ഗവേഷണം സർക്കാർ തലത്തിൽ നടത്തി വരുന്നത് C-WET എന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനമാണ്. സംസ്ഥാനത്ത് ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ നോഡൽ ഏജൻസിയായ അനെർട്ടാണ്. കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുള്ള പഠനം അനെർട്ട് നടത്തുന്നുണ്ട്. |
| (ഡി) വീടുകളിൽ സൗരോർജ്ജ വൈദ്യുതി ഉൽപ്പാദന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;<br>(ഇ) ഇല്ലെങ്കിൽ, കാരണം വ്യക്തമാക്കുമോ? | (ഡി) & (ഇ) | വീടുകളിൽ സൗരോർജ്ജ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിയ്ക്ക് അനെർട്ട് ധനസഹായം നൽകുന്നുണ്ട്. സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും സംയുക്തമായി 92,262/- രൂപയാണ് 1 kW റൂഫ് ടോപ്പ് പദ്ധതിയ്ക്ക് ധനസഹായം നൽകുന്നത്. |

സെക്ഷൻ ഓഫീസർ